**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2542** **17-03-2022 - ൽ മറുപടിയ്ക്ക്**

**കെ.എഫ്.സി. യിൽ നിന്ന് അധിക വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എഫ്.സി. യിൽ നിന്ന് വായ്പയെടുത്ത് 2020 മാർച്ച് 31 വരെ കൃത്യമായി തിരിച്ചടച്ച പ്രവാസികൾക്കായി നാൽപ്പത് ശതമാനം അധിക വായ്പ നൽകുന്നതിനായി കഴിഞ്ഞ ബഡ്ജറ്റിൽ നീക്കിവച്ച അഞ്ഞൂറ് കോടി രൂപയിൽ നൂറ് കോടി രൂപ പോലും നാളിതുവരെ ചെലവഴിക്കുവാൻ സാധിക്കാത്തതിന്റെ കാരണമെന്താണെന്ന് അറിയിക്കുമോ; | (എ) | 04.06.2021 ലെ ബഡ്ജറ്റ് പ്രസംഗത്തിലെ 94- ാം ഖണ്ഡിക പ്രകാരം ടൂറിസം-ചെറുകിട-വ്യവസായ മേഖലയിലെ സംരംഭകർക്ക്മൊത്തം 40 ശതമാനം അധിക വായ്പ നൽകുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത്. ഇപ്രകാരം ടൂറിസം-ചെറുകിട മേഖലയിൽ 134 യൂണിറ്റുകൾക്കായി 75.29കോടി രൂപ വായ്പയായി അനുവദിച്ചിരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം അധിക വായ്പ ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്ര പേർക്ക് സഹായം അനുവദിച്ചിട്ടുണ്ട്; പദ്ധതിയുടെ വിശദാംശങ്ങൾ പ്രവാസികളെ അറിയിക്കുന്നതിനായി ഏത് രീതിയിലുള്ള പ്രചാരണം നടത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ? | (ബി) | അധിക വായ്പ ലഭിക്കുന്നതിനായി 134 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും അവർക്ക് വായ്പ അനുവദിച്ചിട്ടുള്ളതുമാകുന്നു. പ്രസ്തുത പദ്ധതി പ്രകാരം ടൂറിസം-ചെറുകിട-വ്യവസായമേഖലയിലെ സംരംഭകർക്കാണ് കെ.എഫ്.സി അധിക വായ്പ അനുവദിച്ചിരുന്നത്. പ്രവാസികളെ ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. |

സെക്ഷൻ ഓഫീസർ